# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:882

04.03.2020-ലെ മറുപടി

## ആറൻമുള മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇരവിപേരൂർ-തോട്ടപ്പുഴശ്ശേരി-കോയിപ്രം പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കുടിവെള്ള പദ്ധതിയുടെ അന്തിമ അടങ്കൽ തയ്യാറാക്കിയോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വെളിപ്പെടുത്തുമോ; | (എ) | ഇരവിപേരൂർ - കോയിപ്പുറം- തൊട്ടപ്പുഴശ്ശേരി പഞ്ചായത്തുകൾക്കായി നിർമാണഘടകങ്ങൾ ഉൾപ്പെടുത്തി ഗ്രീൻബുക്കിൽ 4235 ലക്ഷം രൂപയുടെയും ജലസംഭരണികളും ട്രാൻസ്മിഷൻ മെയിനുകളും സ്ഥാപിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 8500 ലക്ഷം രൂപയുടെയും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയാറാക്കിയിട്ടുണ്ട് . ഇതിൽ ഗ്രീൻബുക്കിൽ ഉൾപ്പെടുത്തിയ നിർമ്മാണ ഘടകങ്ങൾക്കുള്ള 4235 രൂപയുടെ പദ്ധതിക്ക് 2017-18 ൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുതപദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (സി) | കിഫ്ബിയിൽപ്പെടുത്തി ആറൻമുള നിയോജക മണ്ഡലത്തിൽ എത്ര കുടിവെള്ള പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു; അവ ഏതൊക്കെ എന്നും നിലവിലെ സ്ഥിതി എന്തെന്നും വെളിപ്പെടുത്തുമോ? | (സി) | കിഫ്ബി 2017-18 ഇൽ ഉൾപെട്ട പുറമറ്റം, കല്ലൂപ്പാറ, എഴുമറ്റൂർ, കുന്നന്താനം, ഇരവിപേരൂർ, തോട്ട പുഴശ്ശേരി, കോയിപ്പുറം, പഞ്ചായത്തുകളിലേക്കുള്ള സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടി രണ്ടാം ഘട്ടത്തിൽ കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 85 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ ആറൻമുള നിയോജക മണ്ഡലത്തിലെ ചെന്നീർക്കര- മെഴുവേലി ഗ്രാമീണ ജലവിതരണ പദ്ധതിയിൽ ഉൾപ്പെട്ട പന്നിക്കുഴി, ഇലവുംതിട്ട, മുട്ടത്തുകോണം, മഞ്ഞണിക്കര, രാമൻചിറ പ്രദേശങ്ങളിലെ കേടായ AC പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തിയ്ക്ക് 1.98 കോടി രൂപയുടെ ധനസഹായ അനുമതിയും കിഫ്ബിയിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ എഗ്രിമെന്റ് കേരള വാട്ടർ അതോറിറ്റി ഒപ്പു വച്ചിട്ടുണ്ട്. |

Prijith

**സെക്ഷൻ ഓഫീസർ**